"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് - എറണാകുളം ജനറൽ ആശുപത്രിയിലെ സ്റ്റാഫ് നേഴ്സ് ഗ്രേഡ്-II ശ്രീമതി. ഗിരിജ പലേരി ശൂന്യവേതനാവധിക്ക് ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതിലുണ്ടായ കാലതാമസം നോൺഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1605/2026/H&FWD തീയതി,തിരുവനന്തപുരം, 04-05-2026

---

പരാമർശം:-
1. സ.ഉ. (സാധാ)നം.3191/2007/H&FWD തീയതി 14.09.2007.
2. സ.ഉ. (സാധാ)നം.2806/2012/H&FWD തീയതി 24.08.2012.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 05.06.2018 തീയതിയിലെ EE3-106975/2017/DHS നമ്പർ നടപടിക്രമം.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03.01.2020 തീയതിയിലെ ഇഇ1-37124/2019/ആവഡ നമ്പർ കത്ത്.
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 09.05.2024 തീയതിയിലെ DHS/7076/2024-EE1 നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിൽ, എറണാകുളം ജനറൽ ആശുപത്രിയിൽ സ്റ്റാഫ് നേഴ്സ് ഗ്രേഡ് II ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ഗിരിജ പലേരിയ്ക്ക് വിദേശത്തു ജോലി ചെയ്യുന്നതിനായി പരാമർശം (1), (2), (3) ഉത്തരവുകൾ പ്രകാരം ആകെ 11 വർഷവും 8 മാസവും ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ശൂന്യവേതനാവധി കാലയളവ് 17.05.2019-ൽ അവസാനിക്കാനിരിക്കെ, എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ തിരികെ ജോലിയിൽ പ്രവേശിക്കാൻ ഉത്തരവ് നൽകിയെങ്കിലും ടിയാൾ രണ്ട് ദിവസം വൈകി 20.05.2019-ൽ ആണ് ജോലിയിൽ തിരികെ പ്രവേശിച്ചതെന്നും ആയതിനാൽ പ്രസ്തുത കാലയളവ് ക്രമീകരിച്ചു നൽകണമെന്നും പരാമർശം (4) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജനറൽ ആശുപത്രിയിലെ സ്റ്റാഫ് നേഴ്സ് ഗ്രേഡ് II ശ്രീമതി. ഗിരിജ പലേരി 17.05.2019-ൽ ശൂന്യവേതനാവധി കാലയളവ് അവസാനിച്ചതിനു ശേഷം രണ്ട് ദിവസം വൈകി

**20.05.2019**-ൽ തിരികെ ജോലിയിൽ പ്രവേശിച്ചതിനാൽ, **18.05.2019, 19.05.2019** എന്നീ രണ്ട് ദിവസങ്ങൾ, മുൻകാല സേവനം നഷ്ടമാകാതെ, കെ.എസ്.ആർ. ഭാഗം **I**,. അനുബന്ധം **XII A**, ചട്ടം **3** പ്രകാരം നോൺഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANJULA G**

അണ്ടർ സെക്രട്ടറി

ശ്രീമതി. ഗിരിജ പലേരി, സ്റ്റാഫ് നഴ്സ് ഗ്രേഡ് -**I**, എറണാകുളം ജനറൽ ആശുപത്രി, എറണാകുളം (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം.
സൂപ്രണ്ട്, എറണാകുളം ജനറൽ ആശുപത്രി, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
ധനകാര്യ വകുപ്പ് (**21.04.2026**-ലെ **E-1513157/HLT-B3/123/2020-Fin** പ്രകാരം.)
കരുതൽ ഫയൽ / കാര്യാലം പകർപ്പ് (ഫയൽ നമ്പർ- സി**3/41/2020**/ഹെൽത്ത്).

ഉത്തരവിൻ പ്രകാരം,

Signed by
Rekha Johnson
Date: 07-05-2026 15:29:58

സെക്ഷൻ ഓഫീസർ.